ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വിദേശ പര്യടനത്തിന്റെ ഭാഗമായി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള സ്വീകരണം. കാലാതീതമായ നാഗരികതയുടെ സന്ദേശ വാഹകരാണ് ഇന്ത്യൻ പ്രവാസികളെന്ന് പ്രധാനമന്ത്രി.

   **PM Modi Receives Warm Welcome in Trinidad and Tobago, Hails Indian Diaspora as Messengers of Timeless Civilization.**

2. ടെലിവിഷൻ റേറ്റിംഗ് ഏജൻസികൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്താൻ നിർദേശിച്ച് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം.

   **I&B Ministry Proposes Amendments to policy Guidelines for Television Rating Agencies.**

3. സാവിത്രിഭായ് ഫൂലെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ മേഖല കേന്ദ്രം കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവി ഇന്ന് ജാർഖണ്ഡിൽ ഉദ്ഘാടനം ചെയ്യും.

   **Women and Child Development Minister Annpurna Devi to inaugurate the new Regional Centre of Savitribai Phule National Institute in Jharkhand today.**

4. കേരളത്തിന്റെ ഹരിതദൗത്യങ്ങൾക്ക് ശക്തി പകരുന്ന അനെർട്ട് അക്ഷയ ഊർജ്ജ, ഇ-മൊബിലിറ്റി

പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

Minister K. Krishnankutty to Inaugurate ANERT's Renewable Energy and E-Mobility Projects in Thiruvananthapuram Today.

5. ഗ്രാൻഡ് ചെസ് ടൂർണമെൻറിൽ ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസണെ പരാജയപ്പെടുത്തി ഇന്ത്യയുടെ ഡി. ഗുകേഷ്. ബർമിംഗ്ഹാം ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യൻ ക്യാപ്റ്റൻ ഗില്ലിന് ഇരട്ട സെഞ്ചുറി.

India's D.Gukesh Defeats World No. 1 Magnus Carlsen in Grand Chess Tour; Gill Scores Double Century Against England in Birmingham Test.

******************************

## PM - TRINIDAD AND TOBAGO (INTRO)

അഞ്ച് രാജ്യങ്ങളിലേക്കുള്ള പര്യടനത്തിൻറെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ പോർട്ട് ഓഫ് സ്പെയിനിലെത്തി. ടൊബാഗോ പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സറുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം നൽകി. പോർട്ട് ഓഫ് സ്പെയിനിൽ ഇന്ത്യൻ പ്രവാസി സമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്തു. ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ സമൂഹം വെറും കുടിയേറ്റക്കാരല്ലെന്നും, കാലാതീതമായ ഒരു നാഗരികതയുടെ സന്ദേശവാഹകരാണെന്നും അദ്ദേഹം പറഞ്ഞു.

( വോയിസ്... )

1999 ന് ശേഷം ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലേക്ക് ഇന്ത്യയിൽ നിന്ന് പ്രധാനമന്ത്രി തലത്തിൽ നടക്കുന്ന ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. നിരവധി ഉഭയകക്ഷി ചർച്ചകളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി അവിടെ പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും.

******************************

## PM – ARGENTINA

ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ബഹുരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി ഇനി അർജൻറീന സന്ദർശിക്കും. ഇന്നും നാളെയുമായി അദ്ദേഹം വിവിധ ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. 57 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജൻറീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, വ്യാപാരം, നിക്ഷേപം, തുടങ്ങി നിരവധി പ്രധാന വിഷയങ്ങളിൽ ചർച്ചകൾ നടക്കും.

*******************************

## BRICS – SUMMIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബ്രസീൽ സന്ദർശന വേളയിൽ ബ്രിക്സ് ഉച്ചകോടി മികച്ച ചർച്ചകൾക്ക് വേദിയാകുമെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസഡർ ദിനേശ് ഭാട്ടിയ. ഈ മാസം 6, 7 തീയതികളിൽ റിയോ ഡി ജനീറോയിലാണ് പതിനേഴാമത് ബ്രിക്സ് ഉച്ചകോടി നടക്കുക. ബ്രിക്സ് ഉച്ചകോടിക്ക് ശേഷം ബ്രസീൽ പ്രസിഡന്റുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തുമെന്നും ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ ശ്രീ ഭാട്ടിയ പറഞ്ഞു.

*******************************

## TELEVISION RATING AGENCY

ടെലിവിഷൻ റേറ്റിംഗ് ഏജൻസികൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്താൻ നിർദേശിച്ച് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. കൂടുതൽ പ്രാതിനിധ്യപരവും ആധുനികവുമായ T.R.P സംവിധാനത്തിന്റെ ആവശ്യകത മുൻനിർത്തി, 2014-ൽ പുറത്തിറക്കിയ നയ മാർഗ്ഗനിർദ്ദേശങ്ങളിലാണ് മാറ്റം വരുത്തുക. ഇത് സംബന്ധിച്ച് കേന്ദ്രം പുറത്തിറക്കിയ നിർദ്ദിഷ്ട കരട്, മാധ്യമ സ്ഥാപനങ്ങൾക്കുള്ള ചില നിയന്ത്രണ വ്യവസ്ഥകൾ നീക്കിയിട്ടുണ്ട്. ടി.വി റേറ്റിംഗുകൾ

നൽകുന്ന ഏക ഏജൻസിയായ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിൽ - BARC ന് പുറമെ കൂടുതൽ ഏജൻസികളെ ഈ രംഗത്തേക്ക് കൊണ്ടുവരികയാണ് ലക്ഷ്യം. 30 ദിവസത്തിനുള്ളിൽ ഭേദഗതികൾ സംബന്ധിച്ച് അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

*******************************

## RAJNATH-DAC

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലുള്ള ഡിഫൻസ് അക്വിസിഷൻ കൗൺസിൽ, ഒരു ലക്ഷം കോടിയിലധികം വരുന്ന തദ്ദേശീയ പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഏറ്റെടുക്കലിന് അംഗീകാരം നൽകി. ആംഡ് റിക്കവറി വെഹിക്കിളുകൾ, ഇലക്ട്രോണിക് വാർഫെയർ സിസ്റ്റം, സർഫസ്-ടു-എയർ മിസൈലുകൾ തുടങ്ങിയവ വാങ്ങിക്കുന്നതിനാണ് അനുമതി ലഭിച്ചത്.

*******************************

## MEA FACT CHECK

യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിനെ കാണാനുള്ള വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിൻറെ അഭ്യർത്ഥന , വൈറ്റ് ഹൗസ് നിരസിച്ചെന്ന വാർത്തകൾ തള്ളി കേന്ദ്രസർക്കാർ. ഈ പ്രചാരണങ്ങൾ വ്യാജമാണെന്ന് വിദേശകാര്യ മന്ത്രാലയത്തിൻറെ സമൂഹ മാധ്യമ ഫാക്റ്റ് ചെക്ക് വിഭാഗം വ്യക്തമാക്കി.

*******************************

## ANNPURNA -INSTITUTE

സാവിത്രിഭായ് ഫൂലെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ മേഖല കേന്ദ്രം ജാർഖണ്ഡിലെ റാഞ്ചിയിൽ ഇന്ന് പ്രവർത്തനം ആരംഭിക്കും. കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവി ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ കിഴക്കൻ മേഖലയിലെ സേവന

വിതരണം മെച്ചപ്പെടുത്തുന്നതിൽ പുതിയ കേന്ദ്രം സുപ്രധാന പങ്ക് വഹിക്കും.

*******************************

## CAQM- DELHI GOVT

ഡൽഹിയിൽ ഉപയോഗ പരിധി കഴിഞ്ഞ വാഹനങ്ങൾക്ക് ഇന്ധനം നിഷേധിക്കുന്നത് നിർബന്ധമാക്കുന്ന നടപടി നിർത്തിവയ്ക്കാൻ ഡൽഹി സർക്കാർ വായു ഗുണനിലവാര മാനേജ്മെൻറ് കമ്മീഷനോട് അഭ്യർത്ഥിച്ചു. ഡൽഹി പരിസ്ഥിതി മന്ത്രി മഞ്ജീന്ദർ സിംഗ് സിർസ ഇത് സംബന്ധിച്ച് CAQM ന് കത്ത് നൽകി.

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..........

(ബ്രേക്ക്)

*******************************

## MINISTER KRISHNANKUTTY - ANERT

അനെർട്ട് അക്ഷയ ഊർജ്ജ, ഇ-മൊബിലിറ്റി പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. അനെർട്ടിന്റെ വെഹിക്കിൾ ടു ഗ്രിഡ് പൈലറ്റ് പദ്ധതി, വൈദ്യുത ഗ്രിഡ് സംയോജിത ഊർജ്ജ സംഭരണ സംവിധാനം തുടങ്ങി നാല് പ്രധാന പദ്ധതികളുടെ ഉദ്ഘാടനമാണ് ഇന്ന് നടക്കുക. കേരളത്തിന്റെ ഹരിതദൗത്യങ്ങൾക്ക് ശക്തി പകരുകയാണ് ലക്ഷ്യം.

*******************************

## KOTTAYAM MEDICAL COLLEGE

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ് മരിച്ച തലയോലപ്പറമ്പ് സ്വദേശിനി ബിന്ദുവിന്റെ സംസ്കാരം ഇന്ന് നടക്കും. അപകടത്തെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി വീണാ ജോർജ് ഇന്നലെ അറിയിച്ചിരുന്നു.

*******************************

## MINISTER G.R.ANIL

കേന്ദ്രം ഭക്ഷ്യവിഹിതം നിഷേധിച്ചാലും ഓണക്കാലത്ത് ന്യായവിലയിൽ ജനങ്ങൾക്ക് അരി എത്തിക്കുമെന്ന് മന്ത്രി ജി ആർ അനിൽ. റേഷൻ കടകൾ വഴി ആവശ്യമായ അരി വിതരണം ചെയ്യാനാണ് തീരുമാനം. വെളിച്ചെണ്ണ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

*******************************

## AIIMS COVID ( INTRO)

പെട്ടെന്നുണ്ടാകുന്ന ഹൃദയാഘാത മരണങ്ങളുമായി കോവിഡ് വാക്സിന് യാതൊരു ബന്ധവുമില്ലെന്ന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. കോവിഡ് വാക്സിനുകൾ സ്വീകരിച്ചവർക്ക് പെട്ടെന്നുള്ള ഹൃദയാഘാത സാധ്യത കുറവാണെന്ന് ഐസിഎംആറും എയിംസും നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നതായി കാർഡിയോളജി വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. രാജീവ് നരംഗ് പറഞ്ഞു.

( വോയിസ്...)

*******************************

## GRAND CHESS TOUR

ക്രൊയേഷ്യയിൽ നടക്കുന്ന ഗ്രാൻഡ് ചെസ് ടൂർണമെൻറിൻറെ ആറാം റൗണ്ടിൽ ലോക ഒന്നാം നമ്പർ താരമായ മാഗ്നസ് കാൾസണെ പരാജയപ്പെടുത്തി ഇന്ത്യയുടെ ഡി. ഗുകേഷ്. ഗുകേഷിൻറെ തുടർച്ചയായ അഞ്ചാം വിജയമാണിത് . നേരത്തെ ഇന്ത്യയുടെ തന്നെ പ്രഗ്നാനന്ദയെ അഞ്ചാം റൗണ്ടിൽ ഗുകേഷ് പരാജയപ്പെടുത്തിയിരുന്നു. ടൂർണമെന്റിൽ ഇനി മൂന്ന് റൗണ്ടുകൾ ശേഷിക്കെ ഗുകേഷിനു 10 പോയിൻറിൻറെ ലീഡുണ്ട്.

*******************************

## CRICKET

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യ മികച്ച നിലയിൽ. ഇന്നലെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ ക്യാപ്റ്റൻ ശുഭ് മൻ ഗില്ലിൻറെ ഡബിൾ സെഞ്ചുറിയുടെ കരുത്തിൽ 587 റൺസ് എടുത്തു. ഇന്ത്യക്കു വേണ്ടി ശുഭ് മൻ ഗിൽ 269 റൺസും രവീന്ദ്ര ജഡേജ 89 റൺസുമാണ് നേടിയത്. മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 3 വിക്കറ്റ് നഷ്ടത്തിൽ 77 റൺസ് എന്ന നിലയിലാണ്.

*******************************

## KHELO INDIA WATER SPORTS

പ്രഥമ ഖേലോ ഇന്ത്യ ജല-കായികമേളയ്ക്ക് ശ്രീനഗറിലെ ദാൽ തടാകത്തിൽ വേദിയൊരുങ്ങും. അടുത്ത മാസം 21 ന് മേളയ്ക്ക് തുടക്കമാകുമെന്ന് കേന്ദ്ര കായികമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. മൂന്ന് ദിവസത്തെ മത്സരത്തിൽ കയാക്കിംഗ്, കനോയിംഗ്, റോയിംഗ്, വാട്ടർ സ്കീയിംഗ്, ഷിക്കാര റേസ്, ഡ്രാഗൺ ബോട്ട് റേസ് എന്നിവ നടക്കും. സംസ്ഥാന - കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുള്ള 400-ലധികം അത്‌ലറ്റുകൾ പങ്കെടുക്കും.

*******************************

## TRUMP - TAX BILL

പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ നേതൃത്വത്തിലുള്ള യു.എസ് ഭരണകൂടത്തിൻറെ നികുതി ബിൽ കോൺഗ്രസ് പാസാക്കി. ട്രംപ് ഒപ്പുവെക്കുന്നതോടെ ബിൽ നിയമമാകും. ഇന്നലെ ചേർന്ന പ്രതിനിധി സഭയിൽ 218 നെതിരെ 214 വോട്ടുകൾക്ക് ആണ് ബിൽ പാസായത്. യു.എസ് പ്രസിഡൻറ് 'ബിഗ് ബ്യൂട്ടിഫുൾ ബിൽ' എന്ന് വിശേഷിപ്പിച്ച ബില്ലിലൂടെ കുടിയേറ്റവുമായി ബന്ധപ്പെട്ട നടപടികൾക്കായി തുക ചെലവഴിക്കാനാണ് ലക്ഷ്യമിടുന്നത്. 2017 ൽ ട്രംപ് കൊണ്ടുവന്ന താൽക്കാലിക നികുതി നിർദേശങ്ങൾ സ്ഥിരമാക്കുക, സാമൂഹിക സുരക്ഷാ സ്വീകർത്താക്കൾക്ക് ഉൾപ്പടെ നികുതി ഉയർത്തുക, ആരോഗ്യ ഭക്ഷ്യസുരക്ഷാ മേഖലയിലെ വിഹിതം വെട്ടിക്കുറക്കുക തുടങ്ങിയവയും ബില്ലിലുണ്ട്.

*******************************

## HP-WEATHER

ഹിമാചൽ പ്രദേശിൽ കനത്ത മഴ തുടരുന്നു. മേഘവിസ്ഫോടനവും, മിന്നൽ പ്രളയവും ജന ജീവിതത്തെ സാരമായി ബാധിച്ചു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ സിർമൗർ ജില്ലയിലെ പച്ചാഡിൽ 133 മില്ലിമീറ്റർ മഴയാണ് പെയ്തത്. മഴക്കെടുതിയിൽ ഇതുവരെ 69 പേർ മരിച്ചു. 37 പേരെ കാണാതായതായും റിപ്പോർട്ടുണ്ട്. അനാവശ്യ യാത്രകൾ ഒഴിവാക്കാനും നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും കാലാവസ്ഥാ വകുപ്പ് ജനങ്ങളോട് അഭ്യർത്ഥിച്ചു.

*************************************************************************************************